# സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ
## സ്ത്രീജനപ്രവർത്തനബോർഡ്

## സൗജന്യദാന പിരിവ്

കർത്താവിൽ പ്രിയ സഹോദരി സഹോദരന്മാരേ,

കഴിഞ്ഞ ഒരു വർഷക്കാലം നമ്മെ അതിശയകരമായി നടത്തിയ ദൈവത്തിനു സ്തോത്രം. തങ്ങളെ ഏൽപിച്ച ശുശ്രൂഷ ദൈവം നൽകിയ കൃപയ്ക്ക് അനുസരണമായി ചെയ്യുവാൻ പ്രവർത്തകർക്ക് സാധിച്ചു. ദൈവമക്കളുടെ പ്രാർത്ഥനയ്ക്കും സഹായ സഹകരണത്തിനുമുള്ള നന്ദി അറിയിക്കുന്നു.

2024 സെപ്റ്റംബർ 15 -ാം തീയതി ഞായർ മുതൽ വരുന്ന തീയതികളിൽ സേവിനിമാർ ഈ പിരിവ് നടത്തുന്നതായിരിക്കും. അത് സാദ്ധ്യമല്ലാത്ത ഇടങ്ങളിൽ സേവിനിസമാജ ഭാരവാഹികൾ പിരിവുകൾ നടത്തി ഓഫീസിൽ അടയ്ക്കുവാൻ ഉത്സാഹിക്കണമേ. ഈ വർഷം പിരിഞ്ഞുകിട്ടേണ്ട തുക 1100000 രൂപ ആണ്.

സേവിനിമാരുടെ അലവൻസിനായിട്ടാണ് പ്രധാനമായിട്ടും ഈ പിരിവ് ഉപയോഗിക്കുന്നത്. അലവൻസ്, മറ്റ് ഓഫീസ് ആവശ്യങ്ങൾ, സേവിനിമാരുടെ ചികിത്സാചെലവ് എന്നിവയ്ക്കായി പ്രതിമാസം അഞ്ചുലക്ഷം രൂപ ചെലവാകുന്നു. വർദ്ധിച്ചുവരുന്ന ചെലവുകൾ പരിഗണിച്ച് പിരിവ് നൽകുമല്ലോ. റിട്ടയർമെന്റിൽ പ്രവേശിച്ച സേവിനിമാർ മന്ദിരത്തിൽ താമസിക്കുന്നു. പലരും ക്ഷീണിതരും ശാരീരിക ക്ലേശങ്ങൾ ഉള്ളവരും ആണെങ്കിലും പലനിലകളിൽ പ്രവർത്തനത്തിൽ പങ്കാളികളാകുന്നു. പ്രതികൂലങ്ങൾ നേരിടുന്ന ഈ കാലങ്ങളിൽ ദൈവമക്കളുടെ പ്രത്യേക പ്രാർത്ഥന അനിവാര്യമാണ്.

സേവിനിസമാജത്തിന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണ സമയ പ്രവർത്തനത്തിന് സമർപ്പണവും ദൈവവിളിയും സേവന തല്പരതയും ഉള്ള സഹോദരിമാർ മുമ്പോട്ട് വരേണ്ടത് ഈകാലഘട്ടത്തിന്റെ ആവശ്യവും സഭയുടെ സുവിശേഷ ദൗത്യത്തിന് അത്യന്താപേക്ഷിതവുമാണ്. സഭയുടെ ആരംഭകാലം മുതൽ സേവിനിസമാജത്തിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായിതീർന്നിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. സമാജത്തിന്റെ പ്രവർത്തനങ്ങളിൽ സഭാംഗങ്ങളായ പ്രീയപ്പെട്ടവർ നൽകുന്ന എല്ലാ കൈത്താങ്ങലുകൾക്കുമായി ദൈവത്തെ സ്തുതിക്കുന്നു. ഈ വർഷത്തെ പിരിവിലും ഏവരുടെയും ഔദാര്യമായ സഹകരണം പ്രതീക്ഷിക്കുന്നു.

"സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" ഈ നല്ല മാതൃക പിൻതുടരുവാൻ കൊടുക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

സ്ത്രീജനപ്രവർത്തനബോർഡിനുവേണ്ടി,

മിസ്സിസ് സൂസൻ കുരുവിള
സെക്രട്ടറി

26-08-2024
തിരുവല്ല